**INSTITUTE OF HUMAN RESOURCES DEVELOPMENT**
PRAJO'E TOWERS, VAZHUTHACAUD, THIRUVANANTHAPURAM – 14

നമ്പർ. ഡിഎ2/9373/2018/എച്ച്.ആർ.ഡി                                                                 തീയതി: 28.07.2018

## പരിപത്രം

വിഷയം: - ഐ.എച്ച്.ആർ.ഡി – പരിസ്ഥിതി സംബന്ധിച്ച സമിതി (2016-2019) 10- ാമത് റിപ്പോർട്ട് ശിപാർശകളിന്മേൽ – നടപടി സ്വീകരിക്കുന്നത് - സംബന്ധിച്ച്

സൂചന : - സർക്കാർ കത്ത് നമ്പർ: കെ1/233/18/ഉ.വി.വ തീയതി 12.07.2018.

സൂചന കത്ത് പ്രകാരം പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ (2016-2019) 10- ാമത് റിപ്പോർട്ടിലെ 5,9,10 ഖണ്ഡികകളിൽ വിവരിച്ചിരിക്കുന്ന സമിതിയുടെ ശിപാർശകളിന്മേൽ ഐ.എച്ച്.ആർ.ഡിയുടെ കീഴിലുള്ള സ്ഥാപനങ്ങളിൽ നടപടി സ്വീകരിച്ചതിന്റെ നടപടി റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ ഐ.എച്ച്.ആർ.ഡിയുടെ അധീനതയിലുള്ള എല്ലാ സ്ഥാപന മേധാവികളും ടി ശിപാർശ നടപ്പിൽ വരുത്തുകയും അതിന്മേൽ നടപടി സ്വീകരിച്ച ശേഷം ഒരു റിപ്പോർട്ട് അടിയന്തരമായി ഈ ഓഫീസിൽ നൽകേണ്ടതാണ്. പ്രസ്തുത റിപ്പോർട്ടിന്റെ ഒരു പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ഈ പരിപത്രം കിട്ടിയ വിവരം മടക്ക തപാലിൽ ഇ-മെയിലായി നൽകേണ്ടതാണ്.

ഒപ്പ്
ഡോ. പി. സുരേഷ് കുമാർ
ഡയറക്ടർ

പകർപ്പ്

1. എല്ലാ സ്ഥാപന മേധാവികൾക്കും
2. അഡിഷണൽ ഡയറക്ടർ
3. ഡെപ്യൂട്ടി ഡയറക്ടർ
4. ഫിനാൻസ് ഓഫീസർ
5. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
6. ഈ ഓഫീസിലെ എല്ലാ സെക്ഷൻ മേധാവികൾക്കും
7. കരുതൽ ഫയൽ
8. ഓഫീസ് പകർപ്പ്

അംഗീകാരത്തോടെ

സീനിയർ സൂപ്രണ്ട്

PR.30.07.2018

കേരള സർക്കാർ

നം.കെ1/233/18/ഉ.വി.വ. 9373/18/HRD ഉന്നതവിദ്യാഭ്യാസ (കെ) വകുപ്പ്,
തിരുവനന്തപുരം,
തീയതി : 12.07.2018

**ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി**

To

1. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
2. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
3. ഡെപ്യൂട്ടി ഡയറക്ടർ ജനറൽ, എൻ.സി.സി., തിരുവനന്തപുരം
4. സ്റ്റേറ്റ് ലെയിസൺ ഓഫീസർ, സ്റ്റേറ്റ് ലെവൽ എൻ.എസ്.എസ്. സെൽ, ആറാം നില, വികാസ് ഭവൻ, തിരുവനന്തപുരം
5. ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡവലപ്പ്മെന്റ്, പ്രജോടവേഴ്സ്,വഴുതക്കാട്, തിരുവനന്തപുരം.
6. രജിസ്ട്രാർ, കേരള സർവ്വകലാശാല, തിരുവനന്തപുരം/എം.ജി. സർവ്വകലാശാല, കോട്ടയം/ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി,എറണാകുളം/ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല, കൊച്ചി/കാലിക്കറ്റ് സർവ്വകലാശാല,മലപ്പുറം/കണ്ണൂർ സർവ്വകലാശാല,കണ്ണൂർ/മലയാളം സർവ്വകലാശാല, തിരൂർ/ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്, ന്യൂവാൽസ് ക്യാമ്പസ്, എച്ച്.എം. റ്റി. കോളനി.പി.ഒ., കളമശ്ശേരി,എറണാകുളം/എ.പി.ജെ അബ്ദുൾ കലാം ടെക്നോളജി യൂണിവേഴ്സിറ്റി, കോളേജ് ഓഫ് എഞ്ചിനീയറിംഗ് ക്യാമ്പസ്, തിരുവനന്തപുരം.

സർ,

വിഷയം:- ഉന്നത വിദ്യാഭ്യാസ വകുപ്പ് - പരിസ്ഥിതി സംബന്ധിച്ച സമിതി (2016-2019) 10-മത് റിപ്പോർട്ട് -ശിപാർശകളിൻമേൽ - നടപടി റിപ്പോർട്ട്- ആവശ്യപ്പെടുന്നത് - സംബന്ധിച്ച്

പരിസ്ഥിതി സംബന്ധിച്ച സമിതി (2016-2019)യുടെ 10-മത് റിപ്പോർട്ടിലെ 5,9,10 എന്നീ ശിപാർശകളിന്മേൽ അടിയന്തിര നടപടി സ്വീകരിച്ച് നടപടി റിപ്പോർട്ട് സർക്കാരിൽ ലഭ്യമാക്കുന്നതിനായി പ്രസ്തുത സമിതിയുടെ 5,9,10 എന്നീ ശിപാർശകളുടെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ
**ബിജു.റ്റി**
അണ്ടർ സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിക്കു വേണ്ടി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

സംസ്ഥാനങ്ങളോട് ആവശ്യപ്പെട്ടിരുന്നുവെന്നും സമിതി മനസ്സിലാക്കുന്നു. കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കമ്മിറ്റി ദേശീയ രേഖയുടെ അടിസ്ഥാനത്തിൽ വിദഗ്ദ്ധരുമായി ചർച്ച ചെയ്യുകയും ചെയ്തിരുന്നു. എന്നാൽ സംസ്ഥാന പരിസ്ഥിതി നയം രൂപീകരിക്കുന്നതിനും പ്രഖ്യാപിക്കുന്നതിനും നാളിതുവരെ കഴിഞ്ഞിട്ടില്ല എന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ സംസ്ഥാന പരിസ്ഥിതി സംരക്ഷണത്തിനുതകും വിധമുള്ള ഒരു സംസ്ഥാന പരിസ്ഥിതി നയത്തിന് രൂപം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5. വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്നതും, അതീവ പ്രാധാന്യമുള്ള ജനസ്സിൽപ്പെട്ടവയുമായ സസ്യങ്ങളെ സംരക്ഷിക്കുന്നതിന് സ്കൂൾ കോമ്പൗണ്ടിലും കോളേജ് കോമ്പൗണ്ടിലും കുറഞ്ഞത് പത്ത് സെന്റ് സ്ഥലമെങ്കിലും നീക്കിവച്ചിട്ടുണ്ടെന്നും എല്ലാ വർഷവും കുട്ടികളുടെ ബയോഡൈവേഴ്സിറ്റി കോൺഗ്രസ് സ്റ്റേറ്റുതലത്തിൽ നടത്തുന്നതായും അതിനായി ഒരു ബയോഡൈവേഴ്സിറ്റി കോ-ഓർഡിനേറ്ററെ നിയമിച്ചിട്ടുള്ളതായും സമിതി മനസ്സിലാക്കുന്നു. ജില്ലാ തലത്തിലും താഴെതട്ടുവരെയും അത്തരം പരിപാടികൾ സംഘടിപ്പിക്കുന്നത് ഉചിതമായിരിക്കുമെന്നും അതിനാവശ്യമായ ബയോഡൈവേഴ്സിറ്റി കോ-ഓർഡിനേറ്റർമാരെ നിയമിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

6. എല്ലാവർഷവും ജൂൺ 5-ന് ലോക പരിസ്ഥിതി ദിനം ആചരിക്കുന്നതിന്റെ ഭാഗമായി നമ്മുടെ സംസ്ഥാനത്ത് വൃക്ഷത്തൈകൾ വെച്ചുപിടിപ്പിക്കുന്ന ചടങ്ങ് സംഘടിപ്പിക്കാറുണ്ട്. എന്നാൽ ഇങ്ങനെ നടുന്ന ചെടികൾക്ക് പിന്നീട് ഒരു സംരക്ഷണവും ലഭിക്കുന്നില്ല എന്ന ആക്ഷേപവും നിലവിലുണ്ട്. ലോകത്തിന്റെ മറ്റ് പല പ്രദേശങ്ങളിലും ഇക്കാലയളവിൽ വേനൽക്കാലമാണ്. എന്നാൽ കേരളത്തിൽ മഴക്കാലവും. ജൂൺ മാസത്തിലെ പരിസ്ഥിതി ദിനത്തിൽ മരം വച്ചുപിടിപ്പിക്കുന്നതിന്റെ ശാസ്ത്രീയതയിൽ സമിതിക്ക് സംശയമുണ്ട്. മഴക്കാലത്ത് നടുന്ന സസ്യങ്ങളിൽ ഏറിയപങ്കും നശിക്കുന്നതിനിടയാകുന്നുണ്ടെന്നും വൃക്ഷതൈകൾ വേനൽക്കാലത്ത് നട്ടുവളർത്തിയെടുക്കാൻ കഴിഞ്ഞാൽ നല്ലതായിരിക്കുമെന്നും വേരുകൾ ഭൂമിയിൽ ഉറപ്പിച്ചു നിർത്തുന്നതിന് വേനൽക്കാലം ഉചിതമായിരിക്കുമെന്നും സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ ഇക്കാര്യം സംബന്ധിച്ച് ഒരു ശാസ്ത്രീയ പഠനം നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

7. എൽ.പി. വിഭാഗത്തിലെ അദ്ധ്യാപകർക്ക് വേനൽക്കാലത്ത് പരിസ്ഥിതി സംരക്ഷണ വിഷയത്തിൽ പരിശീലനം നൽകി വരുന്നുണ്ടെന്നും കുട്ടികൾക്ക് എളുപ്പത്തിൽ മനസ്സിലാകുന്നതിനായി 'വേനൽപച്ച' പോലെയുള്ള പുസ്തകങ്ങൾ തയ്യാറാക്കിയിട്ടുണ്ടെന്നും ഇക്കഴിഞ്ഞ വർഷം മുതൽ പൊതു വിദ്യാലയങ്ങളിൽ 'ഗ്രീൻ പ്രോട്ടോകോൾ'



നടപ്പാക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടെന്നും എല്ലാ സ്കൂളുകളിലും 'ഒരു ഇക്കോ ക്ലബ്' തുടങ്ങുവാൻ കഴിഞ്ഞിട്ടുണ്ടെന്നും ചുറ്റുപാടുമുള്ള മരങ്ങൾ തിരിച്ചറിയുക, പരിസ്ഥിതി ദിനത്തിൽ മരങ്ങൾ വച്ചുപിടിപ്പിക്കുക എന്നീ പ്രവർത്തനങ്ങൾ നടത്തിവരുന്നതായും സമിതി നിരീക്ഷിക്കുന്നു. എന്നാൽ എൽ.പി. സ്കൂളുകളിലെ അദ്ധ്യാപകർക്കുമാത്രമായി പരിശീലനം പരിമിതപ്പെടുത്തുന്നത് ഒരു പോരായ്മയാണെന്നും കോളേജുകളുൾപ്പെടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും അദ്ധ്യാപകർക്കും പരിസ്ഥിതി വിജ്ഞാനരംഗത്തെ പ്രഗൽഭരായവരുടെ പരിശീലനം ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

8 യു.ജി.സി. നിയമങ്ങൾ പ്രകാരം എല്ലാ സർവ്വകലാശാലകളും അവരുടെ സിലബസ്സിൽ പരിസ്ഥിതി സംബന്ധിച്ചുള്ള പാഠ്യഭാഗങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും എല്ലാ യൂണിവേഴ്സിറ്റികളിലും പരിസ്ഥിതി ശാസ്ത്ര വിഭാഗം പ്രവർത്തിക്കുന്നുണ്ടെന്നും പൊതുവിദ്യാഭ്യാസ വിഭാഗത്തിൽ എസ്.സി.ഇ.ആർ.ടി. ഇക്കാര്യം നിഷ്കർഷിച്ചിട്ടുണ്ടെന്നും എല്ലാ ക്ലാസ്സുകളിലെയും സിലബസ്സിന്റെ പൂർണ്ണമായ രൂപം ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണെന്നും സമിതിക്ക് മനസ്സിലാക്കുവാൻ സാധിച്ചു. വിഷയം സിലബസ്സിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്നും സ്കൂളുകളിൽ പ്രസ്തുത ഭാഗം പഠിപ്പിക്കുന്നുണ്ടോയെന്നും നിരീക്ഷിക്കുന്നതിനുള്ള ശരിയായ സംവിധാനം നിലവിലില്ലെന്ന് ചർച്ചയിൽ സമിതിക്ക് ബോധ്യപ്പെട്ടു. ആയതിനാൽ ഇക്കാര്യത്തിൽ അടിയന്തരമായി മോണിറ്ററിംഗ് സംവിധാനം രൂപീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

9. പരിസ്ഥിതി പ്രവർത്തനങ്ങൾ വിദ്യാർത്ഥി സമൂഹത്തിലേക്ക് എത്തിക്കുന്നതിനായി രൂപപ്പെടുത്തിയ 'ഭൂമിത്ര സേനാ ക്ലബ്ബുകൾ' സംസ്ഥാനത്തുടനീളം ആരംഭിക്കുന്നതിനും പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും ഉള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

10. വിദ്യാലയങ്ങളിൽ പരിസ്ഥിതി സംരക്ഷണ പ്രാധാന്യം പ്രചരിപ്പിക്കുന്നതിനുള്ള സെമിനാറുകൾ, സിമ്പോസിയങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കുക, പരിസ്ഥിതി സംരക്ഷണത്തെ ആധാരമാക്കിയുള്ള കർമ്മപദ്ധതികൾക്കും ആസൂത്രണത്തിനും മറ്റും വരുന്ന അധിക ചെലവുകൾക്ക് ആവശ്യമായ ധനസഹായം നൽകുക എന്നീ പ്രവർത്തനങ്ങൾക്കൊപ്പം വിദ്യാർത്ഥികളിൽ പാരിസ്ഥിതികാവബോധം വളർത്തണമെന്ന ഉദ്ദേശലക്ഷ്യത്തോടെ കേരളത്തിലെ സ്കൂൾ/ഉന്നത വിദ്യാഭ്യാസ പാഠ്യ പദ്ധതികൾ പരിഷ്കരിക്കുകയും പഠിപ്പിക്കുകയും ചെയ്തിട്ടുള്ളതിന്റെ പരിണിതഫലം ശാസ്ത്രീയവും സമഗ്രവുമായ പഠനത്തിനു വിധേയമാക്കണമെന്നും, അവ എത്രത്തോളം ഫലപ്രാപ്തിയിലെത്തിയിട്ടുണ്ടെന്നുമുള്ള സമഗ്രപഠനംകൂടി നടത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.